**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3881** **27-10-2021 - ൽ മറുപടിയ്ക്ക്**

**ആലത്തൂർ മണ്ഡലത്തിൽ ആർദ്രം പദ്ധതിയിലുൾപ്പെടുത്തി വികസനപ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ .ഡി .പ്രസേനൻ | | **Smt Veena George**<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ആർദ്രം പദ്ധതിയിലുൾപ്പെടുത്തി കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റിയ ആലത്തൂർ മണ്ഡലത്തിലെ ആശുപത്രികളിൽ എന്തൊക്കെ വികസന പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാന സർക്കാറിന്റെ ആർദ്രം പദ്ധതിയിലുൾപ്പെടുത്തി ആലത്തൂർ മണ്ഡലത്തിലെ കുടുംബാരോഗ്യകേന്ദ്രങ്ങളാക്കി മാറ്റിയ ആശുപത്രികളിൽ നടത്തിയ വികസന പ്രവർത്തനങ്ങളുടെ വിശദ വിവരം ചുവടെ ചേർക്കുന്നു. ആർദ്രം ഒന്നാം ഘട്ടം ആർദ്രം ഒന്നാം ഘട്ടത്തിൽ ആലത്തൂർ നിയോജക മണ്ഡലത്തിലെ വണ്ടാഴി, കിഴക്കഞ്ചേരി എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്താൻ തിരഞ്ഞെടുക്കുകയും, ഒ.പി കൗണ്ടർ, ഫാർമസി നവീകരണം, പ്രീ ചെക്കപ്പ് റൂം, ലാബ് സൗകര്യവും , മുലയൂട്ടൽ റൂം, നിരീക്ഷണ മുറി, എയർപോർട്ട് മോഡൽ ചെയറോടുകൂടിയ കാത്തിരിപ്പ് സ്ഥലം ഒരുക്കൽ മുതലായ അടിസ്ഥാന സൗകര്യങ്ങളും, രോഗീ സൗഹൃദ അന്തരീക്ഷവും, മെച്ചപ്പെട്ട സേവനങ്ങളും നൽകി ടി സ്ഥാപനങ്ങൾ നിലവിൽ കുടുംബാരോഗ്യ കേന്ദ്രങ്ങളായി പ്രവർത്തിച്ചു വരുകയുമാണ്. ഇതിനായി ഒന്ന് വീതം അസിസ്റ്റന്റ് സർജൻ, രണ്ട് വീതം സ്റ്റാഫ് നഴ്സ്, ഒന്ന് വീതം ലാബ് ടെക്നീഷ്യൻ, ഒന്ന് വീതം ഫാർമസിസ്റ്റ് എന്നീ തസ്തികകളും ആർദ്രം പദ്ധതിയുടെ ഭാഗമായി സൃഷ്ടിച്ചിട്ടുണ്ട്. ആർദ്രം രണ്ടാം ഘട്ടം ആർദ്രം രണ്ടാം ഘട്ടത്തിൽ ടി നിയോജക മണ്ഡലത്തിലെ കുനിശ്ശേരി, തേങ്കുറിശ്ശേരി എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്താൻ തിരഞ്ഞെടുക്കുകയും, ഒ.പി കൗണ്ടർ ക്രമീകരിക്കൽ, പ്രീ ചെക്കപ്പ് റൂം, നിരീക്ഷണമുറി, ഫാർമസി, നവീകരണം, മുലയൂട്ടൽ റൂം, ലാബ് സൗകര്യം, ഇരിപ്പിടത്തോടുകൂടിയ കാത്തിരിപ്പ് സ്ഥലം മുതലായ അടിസ്ഥാന സൗകര്യങ്ങളും, രോഗീ സൗഹൃദ അന്തരീക്ഷവും മെച്ചപ്പെട്ട സേവനങ്ങളും നൽകി ടി സ്ഥാപനങ്ങൾ നിലവിൽ കുടുംബരോഗ്യകേന്ദ്രമായി പ്രവർത്തിച്ചു വരികയുമാണ്. |

| | | | |
|---|---|---|---|
| | | | ഇതിനായി ടി സ്ഥാപനങ്ങൾക്ക് ഒന്ന് വീതം സ്റ്റാഫ് നഴ്സുമാരുടെയും, കുനിശ്ശേരി കുടംബാരോഗ്യ കേന്ദ്രത്തിന് ഒരു അസിസ്റ്റന്റ് സർജന്റെ തസ്തികയും പുതിയതായി സൃഷ്ടിച്ചിട്ടുണ്ട്. ആർദ്രം മൂന്നാം ഘട്ടം ആർദ്രം മൂന്നാം ഘട്ടത്തിൽ ടി നിയോജകമണ്ഡലത്തിലെ മേലാർകോട് പ്രാഥമികാരോഗ്യ കേന്ദ്രത്തെ കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്താൻ തിരഞ്ഞെടത്തിട്ടുണ്ട്. അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായുള്ള പ്രവർത്തനങ്ങൾ പ്രാരംഭഘട്ടത്തിലാണ്. കൂടാതെ ആർദ്രം പദ്ധതിയുടെ ഭാഗമായി തന്നെ സംസ്ഥാനത്തെ ഒരു റവന്യൂ ബ്ലോക്കിൽ നിന്നും ഒരു സ്ഥാപനത്തെ അടിസ്ഥാന സൗകര്യങ്ങളും, സേവനങ്ങളും വർദ്ധിപ്പിച്ച് ബ്ലോക്ക് തല കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്താൻ01.08.2021 ലെ സ.ഉ.(ആർ.ടി) നം.1633/2021/H&FWD, പ്രകാരം തീരുമാനിച്ചിട്ടുണ്ട്. ടി ഉത്തരവ് പ്രകാരം ആലത്തൂർ നിയോജക മണ്ഡലത്തിൽ നിന്നും കുഴൽമന്ദം സാമൂഹികാരോഗ്യകേന്ദ്രത്തെ ആണ് ടി രീതിയിൽ സൗകര്യങ്ങൾ വർദ്ധിപ്പിച്ച് ബ്ലോക്ക് തല കുടുംബാരോഗ്യകേന്ദ്രമാക്കി ഉയർത്താൻ തിരഞ്ഞെടുത്തിരിക്കുന്നത്. ഇതിനായുള്ള പ്രവർത്തനങ്ങൾ പ്രാരംഭ ഘട്ടത്തിലാണ്. കോവിഡ് 19 ന്റെ പശ്ചാത്തലത്തിൽ രോഗപ്രതിരോധ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ 140 നിയോജക മണ്ഡലങ്ങളിലും ഒന്ന് വീതം ഐസോലേഷൻ വാർഡ് സ്ഥാപിക്കാൻ സ.ഉ.(ആർ.ടി)നം.1555/2021/H&FWD, തിരുവനന്തപുരം, തീയതി, 26.07.2021 പ്രകാരം തീരുമാനമായതിൽ ആലത്തൂർ നിയോജക മണ്ഡലത്തിൽ നിന്നും കുഴൽമന്ദം സാമൂഹികാരോഗ്യ കേന്ദ്രത്തെയാണ് തിരഞ്ഞെടുത്തിരിക്കുന്നത്.. |
| (ബി) | പ്രസ്തുത മണ്ഡലത്തിലെ ഓരോ കുടുംബാരോഗ്യ കേന്ദ്രത്തിലും എത്ര തുക വീതം ചെലവഴിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ; | (ബി) | ക്രമ നം സ്ഥാപനം ചെലവഴിച്ച തുക 1 എഫ്.എച്ച്.സി കിഴക്കാഞ്ചേരി 8 ലക്ഷം 2 എഫ്.എച്ച്.സി,വണ്ടാഴി 13 ലക്ഷം 3 എഫ്.എച്ച്.സി കുനിശ്ശേരി 14.08 ലക്ഷം 4 എഫ്.എച്ച്.സി തേങ്കുറിശ്ശി 13.86 ലക്ഷം |
| (സി) | പ്രസ്തുത കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ഏതെങ്കിലും തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അവ ഏതെല്ലാമാണെന്നറിയിക്കാമോ; ഒഴിവുകൾ നികത്തുന്നതിന് നടപടികൾ സ്വീകരിക്കാമോ? | (സി) | സ്ഥാപനം ജെ.പി.എച്ച്.എൻ പി.എച്ച്.എൻ എച്ച്.എ.ഗ്രേഡ് 2 സി. എച്ച്.സി.കുഴൽമന്ദം - 1 - എഫ്.എച്ച്.സി കിഴക്കഞ്ചേരി 1 2 - എഫ്.എച്ച്.സി വണ്ടാഴി 2 1 1 എഫ്.എച്ച്.സി മേലാർക്കോട് 1 1 - എഫ്.എച്ച്.സി തേങ്കുറിശ്ശി - 1 - എഫ്.എച്ച്.സി കുനിശ്ശേരി - 1 - ആകെ 4 7 1 ജെ.പി.എച്ച്.എൻ. തസ്തികയിലെ ഒഴിവുകൾ അഡ്ഹോക്ക് നിയമനം |

| | | | |
|---|---|---|---|
| | | | വഴി നികത്തിയിട്ടുണ്ട്. പി.എച്ച്.എൻ ഏഴ് ഒഴിവുകൾ ഉണ്ട്. പബ്ലിക് ഹെൽത്ത് നഴ്സുമാരായി സ്ഥാനക്കയറ്റം അനുവദിക്കണമെങ്കിൽ ജെ.പി.എച്ച്.എൻ ഗ്രേഡ് 1 തസ്തികയിലെ ജീവനക്കാർക്ക് ഫീമെയിൽ ഹെൽത്ത് സൂപ്പർവൈസർ ട്രെയിനിംഗ് ആവശ്യമാണ്. കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ ട്രെയിനിംഗ് നടത്തുവാൻ സാഹചര്യം ഇല്ലായിരുന്നു. ആയതിനാൽ പ്രസ്തുത ട്രെയിനിംഗ് താൽക്കാലികമായി ഒഴിവാക്കി പ്രൊവിഷണൽ പ്രൊമോഷൻ നടത്താനാകുമോയെന്നത് സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ചു വരുന്നു. നിലിവിൽ എഫ്.എച്ച്.എസ് ട്രെയിനിംഗ് ലഭിച്ചവർ ഇല്ലാത്തതിനാൽ സ്ഥാനക്കയറ്റം നൽകുവാനും ഒഴിവുകൾ നികത്തുവാനും തടസ്സമുണ്ട്. |

സെക്ഷൻ ഓഫീസർ